# കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗം

പുത്തൻകാവ്, ചെങ്ങന്നൂർ



## അർദ്ധവാർഷിക ബുള്ളറ്റിൻ

2019 ഡിസംബർ

www.valiyaveettilputhencavu.org






**Prof. Dr. Eapen Cherian MDS**
Senate Member Kerala Health University
Director Arogya International
Director Asthetic Dental Clinic
St. Gregorious Dental College

AROGYA
international
HOME STAY

**Chembikalam, Chenakerry, Alapuzha**
+91 9447066440, 0479 245 66 44
www.arogyainternational.in | www.dentalclinicaesthetic.in
dreapencherian@gmail.com

## കാളിയാങ്കൽ

# വലിയവീട്ടിൽ
# കുടുംബയോഗം

### പുത്തൻകാവ്, ചെങ്ങന്നൂർ

## അർദ്ധവാർഷിക ബുള്ളറ്റിൻ
## 2019 ഡിസംബർ

# *In loving memory of*



**P.M. Oommen & Aleyamma Oommen**
Valiyaveettil Puthenpurackal
Puthencavu

*Inserted By*
**Stephen A. Valiyaveettil**
***(Anish Stephen Markose)***
***& All Family Members***

## ക്രിസ്തുമസ് ആഘോഷം 2019

**കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു (വി. ലൂക്കൊസ് 2:11)**

# ക്ഷണക്കത്ത്

**പ്രിയ കുടുംബാംഗങ്ങളെ,**

പുത്തൻകാവ് കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗവും ഉപസംഘടനകളായ ലേഡീസ് വിംഗ്, യൂത്ത് വിംഗ് എന്നിവയും സംയുക്തമായി നടത്തുന്ന ക്രിസ്തുമസ് ആഘോഷം 2019 ഡിസംബർ 27-ാം തീയതി വെള്ളിയാഴ്ച പകൽ 3 മണിക്ക് ആറാട്ടുപുഴ തരംഗം മിഷൻ സെന്ററിൽ പ്രസിഡന്റ് ശ്രീ. ഈപ്പൻ ചെറിയാന്റെ അദ്ധ്യക്ഷതയിൽ നടത്തുന്നതാണ്. ഈ ആഘോഷത്തിൽ കുടുംബാംഗങ്ങൾ ഏവരുടെയും സാന്നിദ്ധ്യ സഹകരണങ്ങൾ ക്ഷണിച്ചുകൊള്ളുന്നു.

ജീവിതത്തിൽ ഒരു വർഷംകൂടി നാം പിന്നിടുന്നു. പ്രതീക്ഷകളും പ്രത്യാശകളും നിറഞ്ഞ പുതുവർഷത്തെ നാം സ്വാഗതം ചെയ്യുന്നു. ലഭിച്ച അനുഗ്രഹങ്ങളും അനുഭവിച്ച ദൈവകൃപകളും ഓരോന്നായി അനുസ്മരിക്കുക. എല്ലാവർക്കും ക്രിസ്തുമസിന്റെയും പുതുവർഷത്തിന്റെയും ആശംസകൾ നേരുന്നു.

ക്രിസ്തുമസ് ദൂത്

**റവ. ജ്യോതിഷ് സാം**

(ഡയറക്ടർ, തരംഗം മിഷൻ ആക്ഷൻ സെന്റർ)

**പുത്തൻകാവ്**
11 -12 -2019

**ഈപ്പൻ ജോർജ്ജ്**
ജോയിന്റ് സെക്രട്ടറി

Seasons Greetings to
All Members of

Kaliyankal Valiyaveettil
Kudumbayogam
Puthencavu

***Wish You All A Merry X'mas***
***&***
***A Blessed Happy New Year***

**Geevarghese Joseph & Family**
Pynummoottil House
Piralassery

# കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗം
## പുത്തൻകാവ്

# അർദ്ധവാർഷിക ബുള്ളറ്റിൻ

Vol. XXIV - 2019 ഡിസംബർ

## പ്രസാധക സമിതി

1. **ശ്രീ. ഈപ്പൻ ചെറിയാൻ (പ്രസിഡന്റ്)**
2. **ശ്രീമതി ആനി മാമ്മൻ (വൈസ് പ്രസിഡന്റ്)**
3. **ശ്രീ. ചെറിയാൻ പി. ഉമ്മൻ (സെക്രട്ടറി)**
4. **ശ്രീ. ഈപ്പൻ ജോർജ്ജ് (ജോ. സെക്രട്ടറി)**
5. **ശ്രീ. ജോൺ ഈപ്പൻ (ട്രഷറർ)**
6. **ശ്രീമതി വത്സല ജോസഫ് (ലേഡീസ് വിംഗ് പ്രസിഡന്റ്)**
7. **റവ. ഫാ. തോമസ് ജോസഫ് (യൂത്ത് വിംഗ് പ്രസിഡന്റ്)**

## കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗ ശാഖകൾ

1. ഞാലുംമൂട്ടിൽ
2. പുത്തൻപുരയ്ക്കൽ
3. പൈനുംമൂട്ടിൽ
4. മലയിൽ
5. എഴിയ്ക്കകത്ത്
6. കല്ലുങ്കൽ

*In loving memory of*



## M. C. Eapen & Thankamma Eapen

**Mammoottil, Mulakuzha**

Expired on:

| **M.C. Eapen** | **Thankamma Eapen** |
|---|---|
| 25-07-1990 | 11-10-1989 |

***Inserted by***
***M. E. Alexander & All Family***

പ്രസിഡന്റിന്റെ കത്ത്

# "സൗഹൃദം എത്ര മനോഹരം"



**ഈപ്പൻ ചെറിയാൻ**
കുടുംബയോഗം പ്രസിഡന്റ്

പ്രിയ കുടുംബാംഗങ്ങളെ,

മൂന്നു നാലു വാക്യങ്ങൾ മാത്രമുള്ള 133-ാം സങ്കീർത്തനത്തിൽ സൗഹൃദത്തിന്റെ പ്രസക്തിയെപ്പറ്റിയും അതിന്റെ മനോഹാരിതയെപ്പറ്റിയും വളരെ ശ്രേഷ്ഠമായാണ് അവതരിപ്പിച്ചിരിക്കുന്നത്. കുടുംബയോഗങ്ങൾ കൂടുന്നതും അതിന്റെ പ്രവർത്തനങ്ങളിൽ പാലിക്കേണ്ടതുമായ ചില മാർഗ്ഗ നിർദ്ദേശങ്ങളായി അതിനെ സ്വീകരിക്കാം.

സാഹോദര്യവും ഐക്യവും ഛിന്നഭിന്നമായിരിക്കുന്ന സമൂഹത്തിലും, വിഭജിതമായിരിക്കുന്ന ക്രൈസ്തവ സഭയിലും ഇതു വളരെ സംഗതമായ വിഷയമാണ്. ഛിദ്രവാസന കുടുംബാന്തരീക്ഷത്തെപ്പോലും താറുമാറാക്കിയിരിക്കുന്ന ഭിന്നതയാണ് നമ്മുടെ തലമുറയുടെ അടയാളമെന്ന് ഒരാൾ  വിശേഷിപ്പിച്ചിരിക്കുന്നത് ശരിയാണ്. അനുരഞ്ജനത്തിന്റെ സന്ദേശം ലോകത്തിനു നല്കാൻ നിയോഗിക്കപ്പെട്ടിട്ടുള്ള സമൂഹമാണ് ക്രിസ്തീയസഭ എന്ന് വി. പൗലോസ് പറയുന്നു (എഫെ.3:10). പക്ഷേ ആ സഭ ഇന്ന് ലോകത്തിനു നല്കുന്ന സന്ദേശം എത്ര വ്യത്യസ്തമാണ് (സങ്കീ. 133:1). അവർ "സഹോദരന്മാർ" ആണ്, കാരണം അവരെല്ലാം ഒരേ പിതാവായ അബ്രഹാമിന്റെ മക്കളാണ് ഒരുമിച്ച് വസിക്കുന്നത്. എത്ര നന്മയും എത്ര ഹൃദ്യവുമാണ് എന്ന് സങ്കീർത്തനക്കാരൻ ഓർത്തു പോകുന്നു. ഒരുമിച്ചു വസിക്കുക എന്നു പറഞ്ഞാൽ ഒരേ കൂരയ്ക്കു കീഴിൽ വസിക്കുക എന്ന അർത്ഥമല്ല. ഐക്യബോധത്തോടും പരസ്പര സ്നേഹത്തിലും കഴിയുന്ന അനുഭവത്തെ സൂചിപ്പിക്കുന്നു. സ്നേഹത്തിന്റെയും സഹോദര്യത്തിന്റെയും അന്തരീക്ഷമാണ് ഇവിടെ വാഗ്ദാനം ചെയ്യുന്നത്. ഐക്യത്തിന്റെ വൈശിഷ്ട്യം വെളിപ്പെടുത്തുവാൻ തക്കവണ്ണം അന്നത്തെ ആചാര അനുഷ്ഠാനങ്ങളിൽ നിന്നും ഭൂമിശാസ്ത്രപശ്ചാത്തലത്തിൽ നിന്നും രണ്ട് ഉദാഹരണങ്ങളും ഇവിടെ രേഖപ്പെടുത്തിയിട്ടുണ്ട്.

Best Wishes From

Clear
DIGITAL STUDIO




PUTHENCAVU - CHENGANNUR
Tel: 9446918307, 9947158602
e-mail: m.manojclear@gmail.com
www.cleardigitalstudio.com

1. അഹരോന്റെ താടിയിലേക്ക് ഒഴുകുന്ന വിശേഷതൈലം. മഹാപുരോഹിതനായ അഹരോനെ അവരോധിച്ചപ്പോൾ അവനെ പുരോഹിത വസ്ത്രങ്ങൾ അണിയിക്കുകയും പ്രത്യേകം ഒരുക്കപ്പെട്ട സുഗന്ധതൈലം തലയിൽ അഭിഷേകം നടത്തുകയും ചെയ്തു. അത് തലയിൽ നിന്ന് താടിയിലേക്ക് ഒലിച്ച് അന്തരീക്ഷത്തിൽ മുഴുവൻ പരിമളം പരത്തി. ആ പരിമളം എത്ര ഹൃദ്യവും ഇമ്പകരവുമായിരുന്നുവോ അതുപോലെ ഹൃദ്യമാണ് സഹോദരന്മാർ തമ്മിൽ ഐക്യത്തിലും സാഹോദര്യത്തിലും വസിക്കുന്നത് എന്ന് പറയുന്നു.

2. "സീയോൻ മലയിൽ പെയ്യുന്ന ഹെർമ്മോന്യ മഞ്ഞുപോലെയുമാകുന്നു"

രണ്ടാമത്തെ ദൃഷ്ടാന്തം മനസ്സിലാക്കുവാൻ പാലസ്തീൻ ഭൂമിശാസ്ത്രം അറിഞ്ഞിരിക്കണം. ഹെർമ്മോന്യ കൊടുമുടി ശീതകാലത്ത് മഞ്ഞു മൂടി കിടക്കുകയായിരിക്കും. അത് ഉരുകി ഒലിച്ച് താഴേക്ക് പ്രവഹിച്ചാണ് യോർദ്ദാൻ സമ്പുഷ്ടമാക്കുന്നത്. സസ്യലതാദികൾ അതുമൂലം പുഷ്ടി പ്രാപിച്ച് വളരുന്നു. അങ്ങനെ ദൈവത്തിന്റെ അനുഗ്രഹങ്ങൾ പ്രകൃതിയിൽ പ്രകടമാകുന്നു. രണ്ടു ദൃഷ്ടാന്തങ്ങളിലും മുകളിൽനിന്ന് താഴേക്ക് ഒഴുകി പരക്കുന്ന അനുഭവമാണ്. സുഗന്ധതൈലം തലയിൽ നിന്ന് താടിയിലേക്ക് ഒഴുകുന്നു. പനി മഞ്ഞ് മലകളിൽനിന്ന് സമതലങ്ങളിലേക്ക് ഒഴുകുന്നു. ഒന്ന് സുഗന്ധവും മറ്റത് കുളിർമ്മയും വരുത്തുന്നു. രണ്ടും ഹൃദ്യമായ അനുഭവമാണ്. സാഹോദര്യത്തിന്റെയും കൂട്ടായ്മയുടെയും അനുഭവം അതുപോലെ ഹൃദയാവർജകമാണ്. ഇന്ന് സഭകൾ തമ്മിലും കുടുംബങ്ങൾ തമ്മിലും ഉള്ള വിരുദ്ധതയുടെ ആത്മാവ് നമ്മിൽ ഉളവാക്കേണ്ട സമാധാനവും സന്തോഷവും ഇല്ലാതാക്കുന്നു. ഭിന്നതയും സാമൂഹ്യ വിരുദ്ധ പ്രവർത്തനവും പ്രോത്സാഹിപ്പിക്കുന്ന പ്രവണതയാണ് അവയുടെ പിമ്പിൽ പ്രവർത്തിക്കുന്നത്. മനുഷ്യരുടെ അഹന്ത, സ്വാർത്ഥത, ദുരാഗ്രഹം, ആധിപത്യ പ്രവണത തുടങ്ങിയ ഘടകങ്ങളാണ് ഇതിനു കാരണം. തലമുറകളായി കൈമാറിയിട്ടുള്ള മുൻവിധികളും, വിഷകലുഷിതമായ ഹൃദയങ്ങളും അതിന് കാരണങ്ങളാണ്. ദൈവഹിതത്തെക്കാൾ അധികമായി സ്വന്ത താല്പര്യങ്ങൾ സംരക്ഷിക്കുവാനുള്ള വ്യഗ്രതയാണ് ഐശ്വര്യത്തെ തടസ്സപ്പെടുത്തുന്നത്. അതുകൊണ്ട് വിനയത്തോടും ആത്മനിയോഗത്തിന്റെ വിശ്വാസത്തോടും നമുക്ക് പറയാൻ കഴിയണം "കണ്ടാലും സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര ഹൃദ്യവും സന്തോഷപ്രദവുമാണ്". അതാകട്ടെ നമ്മുടെ കുടുംബയോഗ പ്രവർത്തനത്തിന്റെ സന്ദേശം. എല്ലാവർക്കും സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ക്രിസ്തുമസ്സ് പുതുവത്സരാശംസകൾ നേർന്നുകൊള്ളുന്നു.

To the members of
Kaliyankal Valiyaveettil Kudumbayogam
Puthencavu




**Wish you all a
Merry Christmas and
A Happy New Year**

*Best wishes from :-*


# AL NAKHEEL

Engineering Consultant
P.O. Box 2476, Al Nakheel Street
Ajman-United Arab Emirates
Ph : 7457929, 7444808, Fax : 7229305
Mob : 050-4824925
E-mail : jithin99@emirates-net-ae

Al Nakheel Design Consultant Supervision
Eng. Thomas Mathew B.E. (Civil) Manager)
Puthenpurackal, Puthencavu P.O., 0479 - 2452477

## ക്രിസ്തുമസ് സന്ദേശം

# ആറ്റരികത്തു നട്ടിരിക്കുന്ന വൃക്ഷം



**വെരി. റവ. ഫാദർ മാത്യു തോമസ് കോർ എപ്പിസ്കോപ്പാ**
(മുഖ്യരക്ഷാധികാരി)

സങ്കീർത്തനങ്ങൾ വായിക്കുമ്പോൾ പല ഭാഗത്തും നീതിമാൻ എന്നും ദുഷ്ടൻ എന്നുമുള്ള വാക്കുകൾ വായിക്കുന്നു. ഒന്നാം സങ്കീർത്തനത്തിൽ നീതിമാന്മാരെയും ദുഷ്ടന്മാരെയും തമ്മിൽ താരതമ്യം ചെയ്തിരിക്കുന്നു. എല്ലാ പാപങ്ങളിൽനിന്നും അതിന്റെ ഭാവങ്ങളിൽനിന്നു പോലും അകന്നു നില്ക്കുന്ന ഒരു നീതിമാന്റെ ഭാഗ്യത്തെക്കുറിച്ചു വിവരിക്കുന്നു. "അവൻ ആറ്റരികത്തു നട്ടിരിക്കുന്നതും തക്കകാലത്തു ഫലം കായ്ക്കുന്നതും ഇല വാടാത്തതുമായ വൃക്ഷംപോലെ ഇരിക്കും" (1:3) ഇംഗ്ലീഷ് വേദപുസ്തകത്തിൽ ഈ വാക്യം ഇപ്രകാരം നാം വായിക്കുന്ന. "And he shall be like a tree planted by the rivers of water" ഇവിടെ നദി ബഹുവചനമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. ഏദൻ പറുദീസായിലെ ഒരു നദി നാലു ശാഖകളായി പിരിഞ്ഞത് അനുസ്മരിക്കയാകാം. ഈ വൃക്ഷം തനിയെ കിളിർത്തു വന്നതല്ല. ഇതു ആറ്റരികത്തു നട്ടതാണ്, അതു നട്ട കർഷകൻ പ്രത്യേക ഉദ്ദേശത്തോടും താല്പര്യത്തോടും കൂടിയാണ് അതിനെ പരിപാലിക്കുന്നത്. ദൈവം വലിയ ഉദ്ദേശത്തോടും കരുതലോടും കൂടിയാണ് നമ്മെ ലോകത്തിൽ സൃഷ്ടിച്ചാക്കിയിരിക്കുന്നത്. ദൈവത്തിന്റെ പരിപാലനത്തിന്റെ ഉത്തമ പദ്ധതിയാണ് വറ്റിപ്പോകാത്ത നദിയുടെ കരയിൽ ആക്കിയിരിക്കുന്നു എന്നുള്ളത്. പരിശുദ്ധാത്മ നൽവരങ്ങളുടെ നദിയാണ്, വളക്കൂറുള്ള മണ്ണിലാണ് നട്ടിരിക്കുന്നത്. വൃക്ഷത്തിനു ആവശ്യമായ ജലവും ലവണങ്ങളും യഥേഷ്ടം വലിച്ചെടുക്കാവുന്ന സാഹചര്യം ആണ് ഉള്ളത്. കർത്താവായ യേശുക്രിസ്തു ലോകത്തിലേക്കുവന്നു വലിയ രക്ഷ സാദ്ധ്യമാക്കി തന്നിരിക്കുകയാണ്. തന്റെ മക്കളായിട്ടു നമ്മെ ദത്തെടുത്തിരിക്കുകയാണ്. നമ്മുടെ ഭാരതീയ സംസ്ക്കാരങ്ങൾ പലതും നദീതട സംസ്ക്കാരങ്ങൾ ആണ്. നദിയെ കേന്ദ്രീകരിച്ചുകൊണ്ടുള്ളതാണ് ഈ ജീവിതം. വായു കഴിഞ്ഞാൽ മനുഷ്യന്റെ ഏറ്റവും വലിയ ആവശ്യമാണ് ജലം. നദിയിൽ വളരുന്ന മത്സ്യങ്ങൾ മനുഷ്യന്റെ പ്രധാനപ്പെട്ട ആഹാരം ആണ്. നദീതീരങ്ങൾ വളക്കൂറുള്ള മണ്ണുകൊണ്ട് സമ്പുഷ്ടമാണ്.

# *Greetings*


To the members of
Kaliyankal Valiyaveettil
Kudumbayogam Puthencavu
and
Kaliyankal Global Kudumbayogam

From
**Mr. K. C. Chacko & Children**
Kolanjikombil,
Arattupuzha, Chengannur

ഭക്ഷണത്തിനു ആവശ്യമുള്ള കൃഷിസാധനങ്ങൾ നട്ടു വളർത്തുവാൻ നല്ല സൗകര്യം ആണ്. അതുകൊണ്ട് നീതിമാൻ എന്ന ഈ വൃക്ഷത്തെ നദിയുടെ കരയിൽ നട്ടിരിക്കുകയാണ്. ഏദൻ തോട്ടത്തിൽ എല്ലാവിധ സസ്യങ്ങളും കായ്കനികളും പക്ഷിമൃഗാദികളേയും സൃഷ്ടിച്ചതിനു ശേഷം ആദത്തെയും ഹവ്വയെയും സൃഷ്ടിച്ചാക്കിയതുപോലെയാണ്. ആ വൃക്ഷം വളരുവാൻ ആവശ്യമായ ജലവും മറ്റു ലവണങ്ങളും അതിന്റെ വേരുകളിൽകൂടി വലിച്ചെടുക്കണം. എന്നെങ്കിൽ മാത്രമേ അതിന്റെ ഇല വാടാതിരിക്കുവാനും വളരുവാനും ഫലം പുറപ്പെടുവിക്കുവാനും സാധിക്കയുള്ളു. നീതിമാൻ തന്റെ പ്രാർത്ഥനയാകുന്ന വേരുകൾ മുഖാന്തിരം ദൈവത്തോടു നിരന്തരമായി ബന്ധപ്പെട്ടുകൊണ്ടിരിക്കും. അതുകൊണ്ട് എല്ലാ പ്രതിസന്ധികളെയും അതിജീവിക്കുവാൻ അവനു കഴിയും. അവന്റെ വളർച്ച മുരടിച്ചു പോകയില്ല. അവന്റെ ഇലകൾ എപ്പോഴും തളിർത്തു നില്ക്കും. തക്കകാലത്തു അവൻ പരിശുദ്ധാത്മഫലങ്ങളെ നല്കിക്കൊണ്ടിരിക്കും. ഒരു വൃക്ഷത്തെ അറിയുന്നത് അതിന്റെ ഫലം കൊണ്ടാണ്. നല്ല വൃക്ഷം ഒക്കെയും നല്ല ഫലം നല്കുന്നു.

ഒരു വൃക്ഷത്തെ അതിന്റെ ഫലം കൊണ്ടു തിരിച്ചറിയുവാൻ സാധിക്കും. ഗലാത്യ ലേഖനം 5-ാം അദ്ധ്യായം 22-ാം വാകൃത്തിൽ ആത്മാവിന്റെ ഫലങ്ങളെക്കുറിച്ചു പറയുന്നു. "ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം". ഈ ഫലങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകണം. ഈ വക ഫലങ്ങൾ പുറപ്പെടുവിക്കാൻ തക്ക കഴിവു നമുക്കു ലഭിക്കുവാനായിട്ടാണ് ജീവജലനദിയുടെ കരയ്ക്ക് നമ്മെ നട്ടിരിക്കുന്നത്. നമ്മുടെ പ്രാർത്ഥനാ ജീവിതം അതിനു ഉതകണം. പിശാചിനാൽ ദയനീയമായി പരീക്ഷിക്കപ്പെട്ട ഇയ്യോബ് അത്യധികമായ സഹനത്തിനു വിധേയനായി. "നീ ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നുവോ? ദൈവത്തെ ത്യജിച്ചു പറഞ്ഞു മരിച്ചുകളക" എന്ന് ഇയ്യോബിന്റെ ഭാര്യ അവനോടു പറഞ്ഞു. ആ പരീക്ഷകളെ ഒക്കെ അതിജീവിക്കുവാൻ ഇയ്യോബിനു കഴിഞ്ഞത് ദൈവത്തിലുള്ള തന്റെ അചഞ്ചലമായ വിശ്വാസവും ഭക്തിയും കൊണ്ടാണ്. ഇയ്യോബ് പറയുന്നു (29:19) "എന്റെ വേര് വെള്ളത്തോളം പടർന്നു ചെല്ലുന്നു". ജീവജലമായ ദൈവത്തെ ശരണമാക്കിയതുകൊണ്ട് അവർ എല്ലാ പരീക്ഷകളെയും തരണം ചെയ്തു ഇരട്ടിയായി അനുഗ്രഹിക്കപ്പെട്ടു. നമ്മുടെ കർത്താവു നമ്മുടെ ഇടയിലേക്കു ഇറങ്ങിവന്ന് എല്ലാ കൃപാദാനങ്ങളാലും നമ്മെ നിറച്ചിരിക്കുകയാണ്. നല്ല ഫലങ്ങൾ പുറപ്പെടുവിച്ച് വിശ്വസ്തരായി ദൈവസന്നിധിയിൽ കാണപ്പെടുവാൻ ഈ ക്രിസ്തുമസ് ഉതകട്ടെ. സന്തോഷവും സമാധാനവും നിറഞ്ഞ ഒരു ക്രിസ്തുമസും സമ്പൽസമൃദ്ധമായ പുതുവത്സരവും എല്ലാം കുടുംബാംഗങ്ങൾക്കും നേരുന്നു.

*In loving memory of*



**P. O. Markose & Mary Markose**

Valiyaveettil Puthenpurackal

Calicut

*Inserted By*

**Stephen A. Valiyaveettil**

***(Anish Stephen Markose)***

***& All Family Members***

# തലമുറകൾക്കപ്പുറമുള്ള സ്നേഹബന്ധം




**വൽസല ജോസഫ്**
**ലേഡീസ് വിംഗ് പ്രസിഡന്റ്**

ഒരു കുടംബത്തിലെ മക്കൾ വളർന്നു പ്രായമാകുമ്പോൾ അവർ വിവാഹം കഴിച്ചു പുതിയ കുടുംബമാകുമല്ലോ. പുതിയ ഒരു തലമുറയ്ക്ക് ജന്മം നല്കുന്നത് കാണുമ്പോൾ പ്രായമായ അവരുടെ മാതാപിതാക്കന്മാർ ആനന്ദിക്കുന്നു. എന്നാൽ "വല്യപ്പച്ചൻ, വല്യമ്മച്ചി" എന്ന നിലയിൽ പുതിയ തലമുറയ്ക്ക് തങ്ങളുടെ അനുഭവ സമ്പത്ത് നല്കിക്കൊണ്ട് വീണ്ടും ഫലം കായ്ക്കാമോ? വിശുദ്ധ വേദപുസ്തകവും ഇതാണ് നമ്മോട് ആവശ്യപ്പെടുന്നത്. (സങ്കീ.92:14-16). അവർ വാർദ്ധക്യത്തിലും ഫലം കായ്ച്ചുകൊണ്ടിരിക്കും. യഹോവ നേരുള്ളവൻ; അവൻ എന്റെ പാറ, അവനിൽ നീതികേടില്ല എന്നു കാണിക്കേണ്ടതിനു തന്നെ മുതിർന്ന മാതാപിതാക്കന്മാരിൽ നിന്ന് ദൈവം ചിലത് പ്രതീക്ഷിക്കുന്നു. ഇന്ന് പ്രായമായവരെ സമൂഹത്തിൽ നിന്ന് മാറ്റി നിർത്തുന്ന പ്രവണതകൾ ഏത് രംഗത്തും കാണാം (ആവ. 4:9). "നിന്റെ മക്കളോടും മക്കളുടെ മക്കളോടും അവ ഉപദേശിക്കണം" അടുത്ത തലമുറയ്ക്ക് ആവശ്യങ്ങൾ നിറവേറ്റുന്നതിനായ് മുതിർന്നവർക്കുള്ള ചില നിർദ്ദേശങ്ങൾ തുടർന്ന് വായിക്കുക.

**സഹായിക്കുവാൻ തയ്യാറായിരിക്കുക**

ഞങ്ങളുടെ ചുമതലകൾ കഴിഞ്ഞു; കൊച്ചുമക്കളുടെ കാര്യങ്ങൾ അവരുടെ മാതാപിതാക്കന്മാർ നോക്കിക്കൊള്ളട്ടെ എന്ന് പറഞ്ഞു ഒഴിഞ്ഞു മാറാം. ശരി തന്നെ. പക്ഷെങ്കിൽ അവർക്ക് നമ്മുടെ സഹായം ആവശ്യം എന്ന് കാണുമ്പോൾ സഹായിക്കുവാൻ തയ്യാറാകണം. മാതാപിതാക്കന്മാർ ജോലിക്ക് പോകുമ്പോൾ ചെറുമക്കൾ കൂലി കൊടുത്ത് പരിപാലിക്കപ്പെടുന്നു, പലപ്പോഴും ഇത് തലമുറകൾക്ക് പ്രയാസങ്ങളും പ്രശ്നങ്ങളും ഉണ്ടാക്കുന്നു. ആവശ്യമില്ലാത്ത മാനസ്സീക പ്രവണത കൊച്ചുകുഞ്ഞുങ്ങൾ അനുഭവിക്കാൻ ഇടയാകും. ഇത് കൊച്ചുകുഞ്ഞുങ്ങളിൽ അക്രമസ്വഭാവം വരെ ഉണ്ടാകുവാൻ ഇടയാകുന്നു.

*In Loving Memmory of*



# M.C. NINAN

(Kunjappen Mammoottil)
Freedom Fighter & First President of
Kallooppara Panchayath

Inserted by

**Son**

**Daya Jacob Mammoottil & Family**
**Mammoottil Maret, Pallipadi Junction,**
**Mulakuzha P.O, Pin: 689 505**

**മൂല്യങ്ങൾ കൈമാറുന്നു**

കുഞ്ഞുങ്ങൾ കഥകൾ കേൾക്കുവാൻ വളരെയധികം ഇഷ്ടപ്പെടുന്നു. വേദ പുസ്തക സത്യങ്ങൾ കഥാരൂപത്തിൽ അവർക്ക് പറഞ്ഞുകൊടുക്കാൻ സാധിക്കണം. ധാരാളം വാകൃങ്ങൾ മനഃപാഠമാക്കുവാൻ അവരെ സഹായിക്കണം. ഇത് ഒരിക്കലും അവരുടെ ഉള്ളിൽ നിന്ന് മാഞ്ഞുപോകയില്ല (സദൃ.22:6). "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക; അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല" വല്യപ്പച്ചനോടും വല്ല്യമ്മച്ചിയോടും കൂടെ ഇരുന്ന് വേദപുസ്തകം വായിക്കുന്നതും, പ്രാർത്ഥിക്കുന്നതും അവർ ഏറെ ഇഷ്ടപ്പെട്ടെന്ന് വരാം. കൂടാതെ അവരോടൊപ്പം കളിക്കുന്നതും, സന്തോഷം പങ്കിടുന്നതും, സ്നേഹപൂർവ്വം അവരെ ചേർത്തണച്ച് ചുംബിക്കുമ്പോൾ വാസ്തവമായ സ്നേഹം എന്താണെന്ന് അവർ രുചിച്ചറിയും.

**ഉപദേശകൻ ആയിരിക്കുക**

കൗമാരകാലത്ത് കുട്ടികൾ വളരെ സമ്മർദ്ദങ്ങളിൽ കൂടി കടന്നു പോകുന്നു. പ്രിയപ്പെട്ട ആരോടെങ്കിലും തങ്ങളുടെ പ്രശ്നങ്ങൾ പങ്ക് വെയക്കുവാൻ അവർ ആഗ്രഹിക്കുന്നു. ഈ അവസരം ഉപയോഗിച്ച് ശ്രദ്ധയോടെ ദൈവീകമായ ഉപദേശങ്ങൾ നല്കുവാൻ തയ്യാറാകണം. വേദപുസ്തക വെളിച്ചത്തിൽ അവരുടെ പ്രശ്നങ്ങൾ കണ്ട് പിടിക്കാൻ സഹായിക്കണം. ലോകത്തിൽ ജോസഫിന്റെ മാതൃക പിൻതുടരുവാൻ അവരെ പ്രേരിപ്പിക്കണം. എന്നാൽ അവരുടെ മാതപിതാക്കൾക്ക് കൊച്ചുകുഞ്ഞുങ്ങളോടുള്ള ഉത്തരവാദിത്വം യഥാസമയം ബോധ്യപ്പെടുത്താനും കഴിയണം.

**മാറി നില്ക്കാൻ ഓർക്കുക**

ദീർഘായുസ്സുള്ള മുതിർന്നവർ തങ്ങളുടെ പേരക്കുട്ടികൾ പ്രായപൂർത്തി ആയിക്കഴിയുമ്പോൾ അവരുടെവ്യക്തി സ്വാതന്ത്ര്യത്തിനും സ്വകാര്യതയ്ക്കും സ്ഥാനം കൊടുക്കാൻ മറക്കരുത്. എപ്പോഴും അവരുടെ ശ്രദ്ധയെ കാംക്ഷിക്കാതെ അവസരത്തിനൊത്ത് അകലം പാലിക്കണം. സ്വതന്ത്ര വ്യക്തികളായി ഉത്തരവാദിത്തത്തോടെ അവർ വളർന്നു വലുതാകുന്നത് കണ്ട് ദൈവത്തെ സ്തുതിക്കണം.

പേരക്കുട്ടികളെ ദൈവമക്കളായി വാർത്തെടുക്കുവാൻ മുതിർന്നവർക്ക് കഴിയണം. (സദൃ.17:6) "മക്കളുടെ മക്കൾ വൃദ്ധന്മാർക്ക് കിരീടമാകുന്നു; "മക്കളുടെ മഹത്ത്വം അവരുടെ അപ്പന്മാർ തന്നെ". ഇങ്ങനെ ഫലപ്രദമായ ഒരു തലമുറയെ വാർത്തെടുക്കുവാൻ പ്രായമായ ഓരോ വ്യക്തി ജീവിതങ്ങൾക്കും കഴിയട്ടെ! എന്ന് പ്രബോധിപ്പിച്ചുകൊണ്ടും അനുഗ്രഹിക്കപ്പെട്ട ഒരു ക്രിസ്തുമസ്സും പുതുവത്സരാശംസകളും എല്ലാം കുടുംബാംഗങ്ങൾക്കും നേരുന്നു.

*In loving memory of*



# M.A. JACOB

**Mammoottil**

Expired on 04.02.2018

Inserted by

**Aleyamma Jacob & Family**

# കാളിയാങ്കൽ വലിയ വീട്ടിൽ കുടുംബയോഗത്തിന്റെ 2019 മെയ് 1 ാം തീയതി ബുധനാഴ്ച നടന്ന 43-ാമത് വാർഷിക സമ്മേളന റിപ്പോർട്ട്.



**ചെറിയാൻ പി. ഉമ്മൻ (പൊന്നച്ചൻ)**
സെക്രട്ടറി

പുത്തൻകാവ് കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗത്തിന്റെ 43-ാമത് വാർഷിക സമ്മേളനം പുത്തൻപുരയ്ക്കൽ ശാഖയുടെ ആതിഥ്യ ത്തിൽ 2019 മേയ് ഒന്നാം തീയതി ബുധനാഴ്ച രാവിലെ 7.30 ന് ആറാ ട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ മുഖ്യ രക്ഷാധികാരി ബഹുമാനപ്പെട്ട റവ. ഫാദർ മാത്യു തോമസ് കോർ എപ്പിസ്കോപ്പായുടെ കാർമ്മികത്വത്തിലും രക്ഷാധികാരി ബഹുമാനപ്പെട്ട പി. കെ. കോശി അച്ചന്റെ സഹകരണത്തിലും നടന്ന വിശുദ്ധ കുർബ്ബാനയോടുകൂടി ആരം ഭിച്ചു. വെരി. റവ. റമ്പാൻ തെയോഫൊറസ് കോർ എപ്പിസ്കോപ്പായുടെ കല്ലറയിൽ ധൂപപ്രാർത്ഥനയെ തുടർന്ന് ആറാട്ടുപുഴ തരംഗം മിഷൻ സെന്റ റിൽ പ്രഭാതഭക്ഷണം രജിസ്ട്രേഷൻ ഇവ കഴിഞ്ഞ് 9.45 ന് പ്രസിഡന്റ് ശ്രീ. ഈപ്പൻ ചെറിയാന്റെ അദ്ധ്യക്ഷതയിൽ പൊതുയോഗം ആരംഭിച്ചു. വേദിയിൽ ജസ്റ്റിസ് ജെ.ബി. കോശി, റവ. ഡോ. ഇഗ്നേഷ്യസ് തങ്ങള ത്തിൽ OIC, ബഹുമാനപ്പെട്ട വൈദീക ശ്രേഷ്ഠർ, മുൻ പ്രസിഡന്റ്മാർ, വൈസ്പ്രസിഡന്റ് എന്നിവരുടെ സാന്നിദ്ധ്യംകൊണ്ട് ശ്രദ്ധേയമായിരുന്നു. ലേഡീസ്വിംഗിന്റെ പ്രാർത്ഥനാഗാനം, ശ്രീമതി റോസമ്മ മാത്യുവിന്റെ വേദവായന, മുഖ്യരക്ഷാധികാരി ബഹുമാനപ്പെട്ട മാത്യു തോമസ് കോർ എപ്പിസ്കോപ്പായുടെ പ്രാർത്ഥന എന്നിവയോടുകൂടി യോഗ നടപടികൾ ആരംഭിച്ചു.

**അനുശോചനം**

കഴിഞ്ഞ വാർഷികത്തിനുശേഷം നിര്യാതരായ നമ്മുടെ കുടുംബാംഗങ്ങളായ 22 പേരുടെ വിയോഗത്തിൽ എല്ലാവരും എഴു ന്നേറ്റുനിന്ന് പ്രാർത്ഥനയോടെ അനുശോചനം നടത്തി. പേരു വിവരം വാർഷിക റിപ്പോർട്ടിൽ ചേർത്തിട്ടുള്ളതാകുന്നു. കുടുംബയോഗ

*For Everloving*
*Memory of*

# Mr. Mathai Rajan

Malayil
Ezhamkulam

***Inserted by***
***Family Members***

ഔദ്യോഗിക ഭാരവാഹികൾ സംസ്ക്കാര ശുശ്രൂഷയിൽ ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്തിൽ പോയി പങ്കുകൊള്ളുകയും അനുശോചനം നടത്തുകയും ചെയ്തിട്ടുള്ളതാകുന്നു.

**സ്വാഗതം**

റവ. ഫാദർ പി.കെ. കോശി വേദിയിലും സദസ്സിലും ഉള്ള എല്ലാവർക്കും സ്വാഗതം ആശംസിച്ചു. മുഖ്യ പ്രഭാഷകൻ അഭിവന്ദ്യ തോമസ് മാർ തിമോത്തിയോസ് എപ്പിസ്കോപ്പയ്ക്ക് പൂച്ചെണ്ട് നല്കി സ്വാഗതം ചെയ്തു.

**ഉദ്ഘാടനം - റിട്ട. ജസ്റ്റിസ് ജെ.ബി. കോശി**

ക്രിസ്തുവിന്റെ പേരിൽ രക്തസാക്ഷികളാകുന്നവരുടെ എണ്ണം കൂടി വരുന്നതായും കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്നുള്ള പ്രാർത്ഥന മുടക്കം കൂടാതെ നമ്മുടെ കുടുംബങ്ങളിൽ ഉണ്ടാകണമെന്ന് ഓർമ്മപ്പെടുത്തി സമ്മേളനം ഉദ്ഘാടനം ചെയ്തതായി പ്രഖ്യാപിച്ചു. തുടർന്ന് വേദിയിൽ ഉണ്ടായിരുന്ന അഭിവന്ദ്യ തോമസ് മാർ തിമോത്തിയോസ് എപ്പിസ്കോപ്പായും മറ്റ് വിശിഷ്ട വ്യക്തികളും ചേർന്ന് നിലവിളക്ക് കൊളുത്തി കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗത്തിന്റെ 43-ാമത് വാർഷികം ഉദ്ഘാടനം ചെയ്തു.


**അദ്ധ്യക്ഷപ്രസംഗം**

കുടുംബയോഗം പുനരാരംഭിച്ചതിനുശേഷമുള്ള 43-ാംമത് വാർഷികമാണ് ഇപ്പോൾ ആഘോഷിക്കുന്നത്. മുമ്പ് പ്രസിദ്ധീകരിച്ച കുടുംബചരിത്രം അപ്ഡേറ്റ് ചെയ്ത് പ്രസിദ്ധീകരിക്കുന്നതിനും അതിന്റെ ഇംഗ്ലീഷ് പതിപ്പും തയ്യാറാക്കാൻ സ്പോൺസർ ചെയ്ത വ്യക്തികൾക്ക് നന്ദിരേഖപ്പെടുത്തുകയും തുടർനടപടികൾ എടുക്കാൻ പൊതുയോഗത്തിന്റെ അംഗീകാരം നേടുകയും ചെയ്തു. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബാംഗങ്ങളെ സഹായിക്കാൻ കുടുംബയോഗം ചാരിറ്റബിൾ ഫണ്ടിലേക്ക് ഉദാര സംഭാവനകൾ ചെയ്യാൻ ആവശ്യപ്പെട്ടു. പ്രകൃതി ദുരന്തങ്ങളെ നേരിടാൻ കുടുംബാംഗങ്ങൾ ആത്മീയ ഉണർവ്വുള്ളവരായിതീരണമെന്നും പ്രസിഡന്റ് ആഹ്വാനം ചെയ്തു.

**മുഖ്യപ്രഭാഷണം**

അഭിവന്ദ്യ തോമസ് മാർ തീമോത്തിയോസ് എപ്പിസ്കോപ്പാ തൊഴിലാളിദിനമായ മെയ് ഒന്നാം തീയതി എല്ലാ തൊഴിലും മാന്യമാണെന്ന് കരുതണമെന്ന് ആമുഖമായി പറഞ്ഞു. വിശ്വാസത്തിന്റെ ഉറവിടം തോമാശ്ലീഹായുടെ “എന്റെ കർത്താവും എന്റെ ദൈവവുമേ” എന്ന വിളിയാണ്.

# പാവന സ്മരണയ്ക്ക്



**എ. എൻ. ജോൺ**
ചരമം : 26.10.1999



**സാറാമ്മ ജോൺ**
ചരമം : 23.12.2003

**നൈനാൻ ജോൺ & ഫാമിലി**
ഐക്കരേത്ത് വീട്, ആറാട്ടുപുഴ പി.ഒ.

അറിവിൽനിന്നും അനുഭവത്തിലേക്ക് കടക്കുമ്പോഴാണ് ജീവിതത്തിൽ ദൈവവിശ്വാസം ഉറയ്ക്കുന്നത്. ഏതു തുറയിലുള്ളവരായാലും അനുഗ്രഹമായ ദൈവിക സാഫല്യമുള്ളവരായിത്തീരണം. തമ്മിലുള്ള സഹകരണം, ബന്ധം പുതുക്കൽ എന്നിവയ്ക്കുള്ള അവസരമാണ് കുടുംബസംഗമം. ദൈവത്തോടും മനുഷ്യരോടുമുള്ള ബന്ധമാണ് കുടുംബത്തിന്റെ അടിസ്ഥാനം. ദൈവത്തോട് നല്ല ബന്ധം പുലർത്തി കുടുംബജീവിതം വിശുദ്ധ കുർബ്ബാനപോലെ ആത്മീയമാക്കണമെന്നും കുടുംബയോഗങ്ങൾ വിശ്വാസം തലമുറകളിലേക്ക് പകരാനുള്ള അവസരമാക്കണം. വലിയവീട്ടിൽ കുടുംബയോഗത്തിന് തിരുമേനി ആശംസകൾ അർപ്പിച്ച് പ്രഭാഷണം അവസാനിപ്പിച്ചു.

**മുൻ വാർഷിക റിപ്പോർട്ട്**

വാർഷിക റിപ്പോർട്ട് 2019 പ്രസിദ്ധീകരിച്ച് കുടുംബാംഗങ്ങളിൽ വിതരണം ചെയ്തതിനാൽ വായിക്കേണ്ട ആവശ്യമുണ്ടോയെന്ന പ്രസിഡന്റിന്റെ ചോദ്യത്തിന് പൊതുയോഗം ആവശ്യമില്ല എന്ന മറുപടിയിൽ വാർഷിക റിപ്പോർട്ട് ഏകകണ്ഠമായി പാസ്സാക്കി.

**ആശംസാപ്രസംഗങ്ങൾ**

റവ. ഡോ. ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒ.ഐ.സി. കല്ലൂപ്പാറ, ക്രിസ്തു ജീവിക്കുന്നു, ആ ക്രിസ്തു നമ്മോടു കൂടെയുണ്ട്. അവിടുത്തെ കരങ്ങൾ നമ്മുടെ അവയവങ്ങളിൽ കൂടിയാണ് പ്രവർത്തിക്കുന്നത് എന്ന അനുഭവം ഉൾക്കൊണ്ട് ഒരുമിച്ചുള്ള പങ്കുവയ്ക്കൽ, കുഞ്ഞുങ്ങളെ ചേർത്തുപിടിച്ചുള്ള കുടുംബജീവ്തം ഇവ മുഖമുദ്രയാക്കണമെന്ന് പറഞ്ഞ് കുടുംബയോഗത്തിന് എല്ലാ വിധ ആശംസകളും നേർന്നു. വികാരി ഫാദർ ജേക്കബ് ചെറിയാൻ "സഹോദരന്മാരെ നിങ്ങൾ എനിക്ക് എതിരായി ദോഷം നിരൂപിച്ചു എന്നാൽ ഞാൻ നിങ്ങളെ സഹോദരന്മാരായി കാണുന്നു" എന്ന വേദവാക്യമാണ് കുടുംബയോഗ പ്രസക്തി എന്നു പറഞ്ഞ് എല്ലാവിധ ആശംസകളും നേർന്നു.

ശ്രീ. എം. റ്റി. ജോർജ്ജ് മഠത്തിലേത്ത്, ചെങ്ങറ "മിണ്ടാതിരുന്ന് നീ ദൈവത്തെ അറിഞ്ഞുകൊള്ളുക" എന്ന വാക്യം അടിസ്ഥാനമാക്കി സംസാരിച്ച് കുടുംബയോഗത്തിന് എല്ലാവിധ ആശംസകളും അർപ്പിച്ചു.

റവ. ഫാദർ തോമസ് ജോസഫ്, ഡീക്കൻ ഗീവർഗ്ഗീസ് (ജിബു) എന്നിവരും ചുരുങ്ങിയ വാക്കുകൾ സംസാരിച്ച് ആശംസകൾ നേർന്നു.

**സ്വയം പരിചയപ്പെടുത്തൽ**

ശാഖാക്രമത്തിൽ ആറ് ശാഖ അംഗങ്ങളും എഴുന്നേറ്റുനിന്ന് പരിചയ

**76th Birthday**

12.09.2019

***Greetings to our beloved sister***



# Susamma

From : Thomasukutty (Prof. P.M. Thomas), Ponni, Ranjan, Asha & Hannah Mol (Toronto), Rajesh, Linda & Ryanmon (Sharjah)
Puthenpurackal, Mulakuzha

***Merry Christmas &***
***Best Wishes for a Happy New Year***

To the members of Kaliyankal Valiyaveettil Kudumbayogam

പ്പെട്ടു. പുതുതായി എത്തിയ പുത്തൻപുരയ്ക്കൽ ശാഖയിലെ അംഗങ്ങൾ മുൻപോട്ടുവന്ന് സ്വയം പരിചയപ്പെടുത്തി.

**പൊന്നാട അണിയിക്കൽ**

75 വയസ്സ് പൂർത്തീകരിച്ച മുമ്പ് പൊന്നാട ലഭിച്ചിട്ടില്ലാത്തവരുമായ കുടുംബാംഗങ്ങളെ പൊന്നാട അണിയിച്ച് ആദരിച്ചു.

**പേരുവിവരം**

1. ശ്രീമതി എൽസി മാത്യു, പുത്തൻപുരയ്ക്കൽ, പുത്തൻകാവ്
2. ശ്രീമതി ലീലാ ജോർജ്ജ്, താഴത്തേടത്ത്, മണിമല ആറാട്ടുപുഴ
3. ശ്രീമതി പി. എം. സൂസമ്മ, പുത്തൻപുരയ്ക്കൽ, മുളക്കുഴ
4. ശ്രീമതി പൊന്നമ്മ ബേബി, കിഴക്കേത്തലയ്ക്കൽ, പത്തനാപുരം
5. ശ്രീമതി എലിസബേത്ത് മാത്യു, പുത്തൻപുരയ്ക്കൽ, മുളക്കുഴ
6. ശ്രീമതി മേരിക്കുട്ടി മാത്യു, തോപ്പിൽ, പുത്തൻകാവ്
7. ശ്രീ. റ്റി. എം. കൊച്ചുകുഞ്ഞ്, തോപ്പിൽ, പുത്തൻകാവ്
8. ശ്രീ. പി. എസ്. ചെറിയാൻ, നന്തളത്ത് പുത്തൻപുരയ്ക്കൽ, പുത്തൻകാവ്
9. ശ്രീ. പി. കെ. ജോസഫ്, പുത്തൻപുരയ്ക്കൽ, ഏഴംകുളം

**പാരിതോഷിക വിതരണം**

ഉന്നതമാർക്കിന്റെ അടിസ്ഥാനത്തിൽ ഫാം ഡി യ്ക്ക് അമൃത യൂണി വേഴ്സിറ്റിയിൽനിന്നും ഒന്നാം റാങ്ക് നേടി ഗോൾഡ് മെഡലിസ്റ്റായ കുമാരി ജോജിയ ഗ്രേസ് ജോർജ്ജിനെ (കിഴവറ) പ്രസിഡന്റ് പ്രത്യേകമായി അഭിനന്ദിക്കുകയും പാരിതോഷികം നല്കുകയുമുണ്ടായി.


പ്ലസ് ടൂ പരീക്ഷയിൽ ഉന്നതവിജയം നേടിയ മലയിൽ ശാഖയിലെ മാസ്റ്റർ കോശി മാത്തന് സ്കോളർഷിപ്പ് തുക നല്കി ആദരിച്ചു.

പ്രാർത്ഥനാഗാനത്തിന് അകമ്പടിയായി ഓർഗൻ വായിച്ച ശ്രീ. ദീപുവിന് ക്യാഷ് അവാർഡ് നല്കി.

**കണക്കവതരണം**

ട്രഷറർ ശ്രീ. ജോൺ ഈപ്പൻ 2018 – 2019 ലെ വരവു ചിലവ് കണക്കു കൾ, പൂർണ്ണ രൂപത്തിൽ വാർഷിക റിപ്പോർട്ടിൽ ചേർത്തിരിക്കുന്നതിനാൽ

## In everlasting Memory of our beloved brother Thambichayan



Born : 7-5-1936 Died : 7-3-2012

# Mammen P. Jacob

S/o P. J. Mammen and Saramma Mammen
Puthenpurackal, Mulakuzha (Formerly Senior Director, Credit Suisse Bank, Zurich, Switzerland)

***"We shall meet on that beautiful shore"***

By Sorrowing Family Members

*Inserted by*
**Thomaskutty (Prof. P. M. Thomas)**

ചുരുക്കമായി അവതരിപ്പിച്ചു. ആയത് പൊതുയോഗം ഏകകണ്ഠമായി അംഗീകരിച്ചു.

**ആഡിറ്റ് റിപ്പോർട്ട്**

ആഡിറ്റർ ശ്രീ സഖറിയ ജോൺ റിപ്പോർട്ട് അവതരിപ്പിച്ചു. ബഡ്ജറ്റിൽ അധീകരിച്ച തുകയ്ക്ക് പൊതുയോഗം അംഗീകാരം നല്കി പാസ്സാക്കി.

**ബഡ്ജറ്റ് 2019 –2020** ട്രഷറർ അവതരിപ്പിച്ചു. പൊതുയോഗം അംഗീകരിച്ച് പാസ്സാക്കി.

**ഭാരവാഹി തിരഞ്ഞെടുപ്പ്**

കുടുംബയോഗത്തിന്റെ 2019 ഫെബ്രുവരി 19–ാം തീയതി കൂടിയ 09–ാം നമ്പർ കമ്മറ്റി മീറ്റിംഗിൽ എടുത്ത തീരുമാനപ്രകാരം ഇപ്പോഴുള്ള ഭാരവാഹികൾതന്നെ 2019 – 20 കാലയളവിലേക്കും തുടരാനുള്ള തീരുമാനം പൊതുയോഗം അംഗീകരിച്ചു. നിലവിലുള്ള കമ്മറ്റി അംഗങ്ങളും ഈ കാലയളവിൽ തുടരുന്നതാണെന്നു തീരുമാനിച്ചു.

**ആദരവ്**

കോർ എപ്പിസ്കോപ്പാ പദവിയിലേക്ക് ഉയർത്തപ്പെട്ട ബഹുമാനപ്പെട്ട മാത്യു തോമസ് അച്ചനും 25 വർഷം പൗരോഹിത്യ ശുശ്രൂഷ പൂർത്തീകരിച്ച ബഹുമാനപ്പെട്ട തോമസ് ജോസഫ് അച്ചനും, വൈ. എം. സി. എ യുടെ ദേശീയ പ്രസിഡന്റ് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട റിട്ട. ജസ്റ്റിസ് ജെ.ബി. കോശിയ്ക്കും ഡീക്കൻ പദവിയിലേക്ക് പ്രവേശിച്ച ഗീവർഗീസ് പുത്തൻപുരയ്ക്കലി(ജിബു)നെയും കുടുംബയോഗം ക്രിസ്മസ് ആഘോഷത്തിൽ ആദരിച്ചതായി പ്രസിഡൻറ് അറിയിച്ചു. ബഹുമാനപ്പെട്ട അച്ചന്മാരും ഡീക്കനും കുടുംബയോഗത്തോടുള്ള നന്ദിയും സ്നേഹവും അറിയിച്ചു.

അടുത്തവാർഷിക സമ്മേളനം പൈനുംമൂട്ടിൽ ശാഖയുടെ നേതൃത്വത്തിൽ നടത്തുന്നതാണെന്ന് രക്ഷാധികാരി ബഹുമാനപ്പെട്ട തോമസ് ജോസഫ് അച്ചൻ അറിയിച്ചു.


**സമ്മാനദാനം**

കലാ പരിപാടികൾ അവതരിപ്പിച്ച് സദസ്സിനെ ആനന്ദിപ്പിച്ച കുട്ടികൾക്കും മറ്റുള്ളവർക്കും സമ്മാനങ്ങൾ നല്കി.

**കൃതജ്ഞത**

മലയിൽ ശാഖാംഗമായ ശ്രീ. ബേബി രാജൻ ഏഴംകുളം, വേദിയിലുള്ള ബഹുമാനപ്പെട്ട വൈദിക ശ്രേഷ്ഠരെയും വിശിഷ്ടാതിഥികളെയും ഈ

*In Loving Memory of*





**M. G. Mammen & Thressiamma Mammen**

Malayil Jyothirmayi

Angadical, Chengannur

*By*

***Reni & Family***

വാർഷികം ഏറ്റെടുത്തു നടത്തിയ പുത്തൻ പുരയ്ക്കൽ ശാഖാംഗങ്ങളെയും പത്തനാപുരത്തുനിന്നും വന്ന സഹോദരങ്ങൾക്കും വേദി ഒരുക്കിത്തന്ന തരംഗം ഭാരവാഹികൾക്കും ഭക്ഷണ ക്രമീകരണം ഒരുക്കിയ തരംഗം പ്രവർത്തകർക്കും എല്ലാ ഔദ്യോഗിക ഭാരവാഹികൾക്കും ദൂരെയും ചാരെയും നിന്നും വന്ന കുടുംബാംഗങ്ങൾക്കും ഈ വാർഷികം ഭംഗിയാക്കുവാൻ വേണ്ടി പ്രവർത്തിച്ച എല്ലാവർക്കും ഹൃദ്യമായ നന്ദി അറിയിച്ചു.

**പ്രാർത്ഥന / ആശീർവ്വാദം**

മുഖ്യരക്ഷാധികാരി റവ. ഫാദർ മാത്യു തോമസ് കോർ എപ്പിസ്കോപ്പയുടെ പ്രാർത്ഥനയോടും രക്ഷാധികാരി ബഹുമാനപ്പെട്ട തോമസ് ജോസഫ് അച്ചന്റെ ആശീർവ്വാദത്തോടും കൂടി 12.45 ന് യോഗം സമംഗളം പര്യവസാനിച്ചു. തുടർന്ന് പ്രസിഡന്റ് ഉച്ചഭക്ഷണക്രമീകരണം വിശദീകരിക്കുകയും അംഗങ്ങൾ ഉച്ചഭക്ഷണത്തിനായി പിരിയുകയും ചെയ്തു.


**ഉപസംഹാരം**

ബഹുമാനപ്പെട്ട മാത്യു തോമസ് കോർ എപ്പിസ്കോപ്പാ അച്ചനും ശ്രീ. ഈപ്പൻ ചെറിയാനും അവരുടെ പ്രസംഗത്തിൽ സൂചിപ്പിച്ച കുടുംബയോഗ ആസ്ഥാനം സഫലീകരിച്ചു കാണാൻ ആഗ്രഹിക്കുന്നു. ഈ സമ്മേളനം ഭംഗിയായി ക്രമീകരിക്കുവാൻ ദൈവം തന്ന ആയുസ്സിനും കുടുംബാംഗങ്ങളുടെയും ലേഡീസ് വിംഗ് ഭാരവാഹികളുടെയും ഔദ്യോഗിക ഭാരവാഹികളുടെയും എല്ലാവിധമായ സഹായ സഹകരണത്തിനു നന്ദി അറിയിക്കുന്നു. പരിപാടികൾ ഭംഗിയായി ക്രമീകരിച്ച് മാസ്റ്റർ ഓഫ് സെറിമണി, ശ്രീമതി സരളാ സ്റ്റീഫൻ, ശ്രീമതി വൽസല ജോസഫ് എന്നിവരോടുള്ള നന്ദിയും സ്നേഹവും ഒരിക്കൽ കൂടി അർപ്പിച്ചുകൊണ്ട് ഈ വാർഷിക റിപ്പോർട്ട് സമർപ്പിച്ചു കൊള്ളുന്നു.

## കാളിയാങ്കൽ ഗ്ലോബൽ കുടുംബയോഗം

| | | |
|---|---|---|
| രക്ഷാധികാരി | : | **ജസ്റ്റിസ് ജെ.ബി. കോശി**<br>(റിട്ട. ചീഫ് ജസ്റ്റീസ്, ബീഹാർ) |
| പ്രസിഡന്റ് | : | **റവ. ഡോ. ഇഗ്നേഷ്യസ് തങ്ങളത്തിൽ** OIC<br>കല്ലൂപ്പാറ |
| ജന. സെക്രട്ടറി | : | **ശ്രീ. ജോയി തോമസ്** പ്ലാത്തോട്ടം<br>പ്രവിത്താനം, പാലാ |

In Loving Memory of



**MATHAI GEORGE**
Malayil Valiyaveettil
Chengannur
Expired on : 16.07.2014

by
Sorrowing family

# പ്രവർത്തന റിപ്പോർട്ട്



**ഈപ്പൻ ജോർജ്ജ് (ബാബു)**
ജോയിന്റ് സെക്രട്ടറി

## പ്രവർത്തനറിപ്പോർട്ട്

2019 – 20 ൽ ഇതുവരെ 8 കമ്മറ്റി യോഗങ്ങൾ നടത്തി. ഇതിൽ സംബന്ധിച്ചവരെയും യോഗം നടത്താൻ വേദി ഒരുക്കിയ ഭവനങ്ങളെയും പ്രത്യേകമായി അഭിനന്ദിക്കുന്നു.

### കമ്മറ്റിയോഗങ്ങൾ ഏറ്റെടുത്തു നടത്തിയ ഭവനങ്ങൾ


1. 24-05-2019 - ശ്രീ. കെ.സി. ചാക്കോ, കുളഞ്ഞിക്കൊമ്പിൽ, ആറാട്ടുപുഴ
2. 22-06-2019 - റവ. ഫാദർ തോമസ് ജോസഫ്, പൈനുംമൂട്ടിൽ, പിരളശ്ശേരി
3. 12-07-2019 - റവ. ഫാദർ സാമുവേൽ റ്റി. ജോർജ്ജ്, താഴത്തേടത്ത്, ആറാട്ടുപുഴ
4. 23-08-2019 - ശ്രീ. എം. സി. തോമസ് മഠത്തിലേത്ത്, ആറാട്ടുപുഴ
5. 26-09-2019 - റവ. ഫാദർ മാത്യു തോമസ്, കോർ എപ്പിസ്കോപ്പാ പുത്തൻപുരയ്ക്കൽ, പുത്തൻകാവ്
6. 24-10-2019 - പ്രൊഫ. പി. എം. തോമസ്, പുത്തൻപുരയ്ക്കൽ പീടികയിൽ, മുളക്കുഴ
7. 29- 11-2019- ശ്രീ. ജോൺ ഈപ്പൻ, കരിപ്പാച്ചേരിൽ, പുത്തൻകാവ്
8. 20-12-2019- ശ്രീ. ഈപ്പൻ കെ. നൈനാൻ, മലയിൽ ബഥേൽ, പെണ്ണുക്കര

### നിര്യാതരായവർ

1. ശ്രീമതി മേരി മാർക്കോസ് (93) പുത്തൻപുരയ്ക്കൽ, കോഴിക്കോട്
2. ശ്രീ. റെഞ്ചി നൈനാൻ (35) പൂവേലിപീടികയിൽ, പുത്തൻകാവ്
3. ശ്രീ. പി.കെ. കോരുത് (90) കിഴക്കേപുത്തൻപുരയ്ക്കൽ, പുത്തൻകാവ്
4. കുമാരി അലീറ്റ ജേക്കബ് (17) കൊല്ലംപറമ്പിൽ, പിരളശ്ശേരി
5. ശ്രീ. മാത്യു ചെറിയാൻ (74) കിഴക്കേത്തലയ്ക്കൽ, മുളക്കുഴ
6. ശ്രീമതി തങ്കമ്മ ഈപ്പൻ (86) തോപ്പിൽ മുതിരക്കാലായിൽ, പിരളശ്ശേരി

In loving memory of

# Malayil Mamachen



Inserted By :

**BABY RAJAN**

MALAYIL, CHAYALODU P.O., EZHAMKULAM

*In loving memory of*



**Born : 25.06.1927** **Died : 23.01.2004**


# A. E. George

**Alintethekkethil New Nest**
**Kadapra P.O., Kumbanad**

*Inserted by*

**Mrs. Elizabeth George & All Family Members**
**T-11, Ellis Nagar, Madurai 10**

*For Everlasting Memory of our Beloved*



**Mr. K.K. George**

**Died on 05-02-2001**

**Thazhathedathu Manimala Rohan Villa**

**Arattupuzha**

*Inserted by*

*Mrs. Leela George & All Family Members*



*Best wishes on this wonderfull journy,*
*As you build your new lives together*

**Stephen M. Alex & Nimisha Ann Philip**

(Wedded On : 14.10.2019)

*Inserted by*

***M.E. Alexander & Family***

*Thoppil Muthirakalayil*
*Piralassery P.O., Chengannur*

*In loving memory of*



K.N. JOHN
(Died on 08.03.2003)

ALEYAMMA JOHN
(Died on 20.07.2006)

KARIPPACHERIL HOUSE
PIRALASSERY
CHENGANNUR


Inserted by :
Kunju, Boby, Saju, Biju & Other family members

# 50th Wedding Anniversary of

## **Prof. P.M. Thomas & Ponni Thomas**

Puthenpurackal
Mulakuzha

On 29th December 2019



*Merry Christmas & Best Wishes for a happy New Year*
*to the members of Kaliyankal Valiyaveettil Kudumbayogam*

*Inserted by*
*Susamma, Ranjan, Asha & Hanna*
*Rajesh, Linda & Ryan*

*In loving memory of*



**K.K. Thomas (Kochu Thampi)**

Kizhakke Puthenpurackal
Puthencavu (Bhopal)
Expired On : 26.02.2018

Inserted by
Wife : Lillykutty Thomas
Children : Siby-Greeshma & Sabu

*In loving memory of*



**M.E. Zachariah & Thankamma Zachariah**

**Died On** **20.03.1992**

**Died On** **06.12.2018**

**Thoppil Muthirakalayil House**
**Piralassery P.O.**

Inserted by
Zachariah John & Family





**Dr. Sini Babu John** BDS Reg No. 8029
Cheif Dental Surgeon
9847344552, 9526545566 | sini_babujohn@yahoo.com

St. Mary's Dental Care
Multispeciality Dental Clinic
Arattupuzha, Pathanamthitta Dist.




Distributors of
**Bonus, Morris,
Mobaj Locks, Cavier,
Bathroom Fittings,
Hi Power Electrical Cables
Gek Fancy Lamps
& Allied Products**






Managing Partner : **Arun Koshy George**

# GEK ENTERPRISES

Arattupuzha P.O., Pathanamthitta Dist, Kerala, India
Phone : 0468 2317162, Mobile : 9562268575

Dental
Aesthetic

# AESTHETIC DENTAL CLINIC

Mannil Building, Govt. Hospital Jn.
Chengannur
Ph: 9447066440, 0479-2456644
www.dentalclinic@aesthetic.com

## DIRECTOR
Dr. Eapen Cherian M.D.S.F.A.D.S
Oral and Maxiliofacial Pathologist
Associated Prof. St. Gregorious Dental College,
Chellad, Kothamangalam

## CONSULTANT
Department of Prosthodontidcs
Prof. Dr. Suja Jose M.D.S
Department of Periodontics
Dr. Nebu George M.D.S.

## AESTHETICS DENTIST
Dr. Pushpa Mary Cherian
Department of Oral Surgery
Dr. Sam Mathew M.D.S.

## DEPARTMENT OF PDODONTICS
Dr. Neno John M.D.S.

## DEPARTMENT OF ENDODONTICS
Dr. Praveen Babu M.D.S.
Dr. Arun M.D.S.

## DEPARTMENT OF ORTHODONTICS
Dr. Pradeep M.D.S.
Dr. Arun M.D.S.

## RESIDENT
Dr. Lekshmi Venugopal B.D.S.

## *In Loving Memmory of*
## Appachen and Ammachi



**Aleyamma Kunjappy**
Died : 27-02-1987

**Kunjappy**
Died :02-07-1993

“അപ്പച്ചാ, അമ്മച്ചീ പൊന്നുവിനെ കൂടെ ചേർത്തുകൊള്ളേണമേ”

“ഞെരുക്കത്തിൽ ഞാൻ യഹോവയെ വിളിച്ചപേക്ഷിച്ചു.
യഹോവ ഉത്തരമരുളി എന്നെ വിശാലസ്ഥലത്താക്കി” സങ്കീ. 118:5



## My Ever
## Loving Memmory of Ponnu

**Ponnamma Mammen**
Died : 22-09-2017

**Eapen Mammen**
Malayil Sharon, Chenneerkara P. O.


സ്വന്തമായ ഒരു വീട്,
പുതിയ കാർ,
മകന്റെ ഉന്നത വിദ്യാഭ്യാസം,
മകളുടെ വിവാഹം
നിങ്ങളുടെ സ്വപ്നങ്ങൾ
എന്തുമാകട്ടെ !!!
മികച്ച നിക്ഷേപ മാർഗ്ഗങ്ങളുമായ്......
ഞങ്ങളുണ്ട് നിങ്ങളോടൊപ്പം!
32 വർഷത്തെ
സേവന പാരമ്പര്യം
MOTILAL OSWAL
Financial Services Ltd.
Solid Research. Solid Advice
To know more, contact here:
Eapen K.Ninan
Mob: 9947074100
Branch Manager & Investment Advisor
Keecheril Jewellery Building, Ground Floor , Bathel Jn. M.C. Road, Chengannur

# പാവന സ്മരണയ്ക്ക്



**പുത്തൻകാവിന്റെ അരുമ സന്താനം**

## അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

**1938 – 2018**

*Inserted by*

**Ponnachan & Sherly**

**Anoop & Sherin, Hannah Mol | Shibin & Adline**

Pynummoottil Sherins

Puthencavu, Chengannur - 689 123

*In Loving Memory of*



**Mr. P.C. Koshy (93)**




**Mrs. Saramma Koshy (82)**

Parambil Padinjattinkara
Piralassery

Inserted by
**Rev. Fr. P.K. Koshy**
Parambil Padinjattinkara Rose House
Manthuka

*In Loving Memory of*

Our Appachan & Ammachi



**Mrs. Aleyamma George**
Died on 30.01.1978

**V.Rev. Fr. George Varghese Cor-Episcopa**
Died on 24.01.1994

Parambil
Piralassery, Chengannur

Inserted By :
Stephen George & Family

*In loving memory of*



# Aleeta Anil Jacob

Born On 27.1 .2002 Died On 21.8.2019

**D/o Mrs. Anitha Anil & Mr. Anil Jacob**

Kollemparampil

Piralassery

*With Love & Prayers*

*All Family Members*

7. ശ്രീമതി മറിയാമ്മ തോമസ് (92) നല്ലൂർമലയിൽ മേടയിൽ, ആറാട്ടുപുഴ
8. ശ്രീമതി ആലീസ് അലക്സാണ്ടർ (87) നല്ലൂർമലയിൽ, പിരളശ്ശേരി
9. ശ്രീ. എൻ. ഇ. ഈപ്പൻ (78) ഞാലുംമൂട്ടിൽ, ആറാട്ടുപുഴ
10. ശ്രീമതി ഏലിയാമ്മ ശാമുവേൽ (84) താഴത്തേടത്ത് മണിമല, ആറാട്ടുപുഴ (മലേഷ്യ)

ഇവരുടെ നിര്യാണത്തിൽ കുടുംബയോഗ കമ്മറ്റി അനുശോചനം നടത്തുകയും സംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്ത് ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**വിവാഹങ്ങൾ**

നമ്മുടെ കുടുംബാംഗങ്ങളായ യുവതീയുവാക്കൾ വിവാഹിതരാകുമ്പോൾ ക്ഷണമനുസരിച്ച് കുടുംബയോഗഭാരവാഹികൾ പോയി സംബന്ധിക്കുകയും ആശംസകൾ നേർന്ന് ഉപഹാരമായി മൊമന്റോ നല്കുന്ന പതിവുണ്ട്. നമ്മുടെ കുടുംബങ്ങളിലേക്ക് വന്നുചേർന്ന അംഗങ്ങളെ സ്നേഹപൂർവ്വം കുടുംബയോഗത്തിലേക്ക് ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.

**ഭവന സന്ദർശനം**

വിവിധ രോഗങ്ങൾകൊണ്ടും പ്രായാധിക്യംകൊണ്ടും ഭവനങ്ങളിലും ആശുപത്രിയിലും കഴിയുന്ന കുടംബാംഗങ്ങളെ കുടുംബയോഗമായി ബഹുമാനപ്പെട്ട  വൈദീകരുടെ നേതൃത്വത്തിൽ സന്ദർശിച്ച് പ്രാർത്ഥന നടത്തിയും സ്നേഹം പങ്കിട്ടും രോഗസൗഖ്യം ആശംസിച്ചും വരുന്ന പതിവും ഉണ്ട്. ഇതിൽ ഭാഗഭാക്കായ എല്ലാവരോടുമുള്ള നന്ദിയുംസ്നേഹവും അറിയിക്കുന്നു.

**ചാരിറ്റി പ്രവർത്തനം**

ഡോ. സാബി താഴത്തേടത്ത്, മാലക്കര 10000 രൂപ ഫണ്ടിലേക്ക് സംഭാവന നല്കി.

**ഓണാഘോഷം 2019**

